നമ്പർ: എച്ച്1/51518/2015/ഡിപിഐ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: **27.10.2015**

## സർക്കുലർ

വിഷയം:- പൊ.വി - ജൂവനൈൽ ജസ്റ്റിസ് ആക്ട് 2000- കേരളത്തിലെ സ്കൂൾ കുട്ടികൾക്കെതിരായ അച്ചടക്ക നടപടി-പഠനം മുടങ്ങുന്ന സാഹചര്യം സൃഷ്ടിക്കരുതെന്ന നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- ബഹു.ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 2411/10/LA2/2015/KCSCPCRഎന്ന കേസിന്റെ 16.6.2015 ലെ വിധി

*****

ജൂവനൈൽ ജസ്റ്റിസ് ആക്ട് 2000 (കെയർ & പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ത്തിലെ 19-ാം വകുപ്പ് പ്രകാരം മറ്റ് ഏതൊരു നിയമത്തിലും എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കുട്ടി കുറ്റകൃത്യം നടത്തി ബാലനീതി നിയമ പ്രകാരം നടപടി നേരിടുന്നതിനാലോ, കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ പോലും ക്രിമിനൽ നിയമപ്രകാരമുള്ള യാതൊരു അയോഗ്യതയും ആ കുട്ടിക്ക് കല്പിക്കുവാൻ പാടുള്ളതല്ല. എന്നാൽ, കേസിൽ ഉൾപ്പെട്ടു എന്ന കാരണത്താൽ കുട്ടികൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് വിദ്യാലയത്തിൽനിന്നും നീക്കം ചെയ്യുന്നതായും, അപ്രകാരം പലപ്പോഴും കുട്ടികളുടെ പഠനം മുടങ്ങുന്ന സാഹചര്യം ഉണ്ടാകുന്നതായും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഒരു വിദ്യാർത്ഥിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമ്പോൾ കേരള വിദ്യാഭ്യാസ ചട്ടം IX-ാം അദ്ധ്യായം വകുപ്പ് (6) പ്രകാരം കുട്ടികൾക്കെതിരെയുള്ള നടപടി രക്ഷിതാവിനെയും വിദ്യാഭ്യാസ ആഫീസറെയും അറിയിക്കേണ്ടതും തന്റെ ഭാഗം വിശദീകരിക്കാനുള്ള അവസരം ആരോപണ വിധേയർക്ക് നൽകേണ്ടതുമാണ്. അപ്രകാരമല്ലാതെയുള്ള നടപടി സ്വാഭാവിക നീതിയുടെ ലംഘനമാണ്.

മേൽ സാഹചര്യത്തിൽ സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലുമൊരു കുട്ടി ക്രിമിനൽ കേസിൽ ഉൾപ്പെട്ടു എന്ന കാരണത്താൽ മാത്രമോ, അല്ലെങ്കിൽ ജൂവനൈൽ ജസ്റ്റീസ് ബോർഡ് കുറ്റക്കാരനാണെന്ന് കണ്ടെത്തിയ കാരണത്താൽ മാത്രമോ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും അച്ചടക്ക നടപടി സ്വീകരിച്ച് കുട്ടികളുടെ പഠനം മുടങ്ങുന്ന സാഹചര്യം സൃഷ്ടിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

MS Jaya

പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. **എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.**
2. **എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.**
3. **എല്ലാ പ്രധാന അദ്ധ്യാപകർക്കും. (എ.ഇ.ഒ/ ഡി.ഇ.ഒ മുഖാന്തിരം)**
4. **ഐ.റ്റി @ സ്കൂൾ (പ്രസിദ്ധീകരണത്തിന്)**
5. **സ്റ്റോക്ക് ഫയൽ.**

*ജെ.എൽ*